" ഭരണഭാഷ മാതൃഭാഷ "

**എക്സൈസ് കമ്മീഷണറുടെ നടപടിക്രമം, കേരളം, തിരുവനന്തപുരം.**

(സാന്നിദ്ധ്യം - ആനന്ദകൃഷ്ണൻ, ഐ.പി.എസ്)

വിഷയം - എക്സൈസ് വകുപ്പ്- എക്സൈസ് ഭരണപരം - തിരുവനന്തപുരം ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2009 മുതൽ 19.08.2011 വരെയുള്ള കാലയളവിലെ സീനിയോരിറ്റി ലിസ്റ്റ് അന്തിമമായി പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം - 1) ഉത്തരവ് നമ്പർ EXC/1074/2016/XD3-TVM തീയതി 19.10.2019.

2) 26.05.2020 ലെ 348/2020/നി.വ നമ്പർ സർക്കാർ ഉത്തരവ്.

3) ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ 02.02.2022 തീയതിയിലെ OA-1293/2020 നമ്പർ അന്തിമ ഉത്തരവ്.

4) തിരുവനന്തപുരം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 18.04.2022 തീയതിയിലെ EDO TVM/1040/2020-T1 നമ്പർ കത്ത്.

5) ഉത്തരവ് നമ്പർ EXC/1074/2016/XD3-TVM തീയതി 19.04.2022

**ഉത്തരവ് നമ്പർ EXC/1074/2016/XD3-TVM തീയതി: 25.05.2022**

തിരുവനന്തപുരം ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2009 മുതൽ 19.08.2011 വരെയുള്ള കാലയളവിലെ സീനിയോരിറ്റി ലിസ്റ്റ് പരമാർശം 1 പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത ലിസ്റ്റിനെതിരെ ശ്രീ.വി.സജി മുതൽ പേർ സർക്കാരിനെയും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെയും സമീപിച്ചിരുന്നതും തുടർന്ന് പരമാർശം 2 പ്രകാരം സർക്കാർ KS&SSR റൂൾ 27 പ്രകാരം സീനിയോരിറ്റി ലിസ്റ്റ് പുനഃക്രമീകരിക്കുന്നതിന് എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. മേൽ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ടി കാലയളവിലെ പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോരിറ്റി ലിസ്റ്റ് പുനക്രമീകരിച്ചു ലഭ്യമാക്കുവാൻ തിരുവനന്തപുരം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് നിർദേശം നൽകുകയും തുടർന്ന് പരമാർശം 4 പ്രകാരം തിരുവനന്തപുരം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ടി കാലയളവിലെ പ്രിവന്റീവ് ഓഫീസർമാരുടെ പുനക്രമീകരിച്ച ലിസ്റ്റ് ലഭ്യമാക്കുകയും, ആയതിന്റെ അടിസ്ഥാനത്തിലും സർക്കാർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും പരമാർശം 5 പ്രകാരം ടി കാലയളവിലെ പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോരിറ്റി ലിസ്റ്റ് പ്രൊവിഷണലായി പ്രസിദ്ധീകരിച്ചിരുന്നു. ടി പ്രസിദ്ധീകരിച്ച സീനിയോരിറ്റി ലിസ്റ്റിൽ വകുപ്പുതല പരീക്ഷകൾ വിജയിച്ച വിവരം കൂടി ഉൾപ്പെടുത്തുവാൻ ബന്ധപ്പെട്ട രേഖകൾ സഹിതം ശ്രീ. എം. ഷംസുദ്ദീൻ അപേക്ഷിക്കുകയും ആയതു ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. മറ്റു പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ലാത്തതാണ്.

മേൽ സാഹചര്യത്തിൽ പരമാർശം 5 പ്രകാരം പ്രസിദ്ധീകരിച്ച പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിൽ ആവശ്യമായ ഭേദഗതി വരുത്തിയും, പരമാർശം 3 പ്രകാരമുള്ള ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ അന്തിമ ഉത്തരവിന്റെയും, പരമാർശം 1 പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിലും തിരുവനന്തപുരം ഡിവിഷനിലെ എക്സൈസ് പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2009 മുതൽ 19.08.2011

വരെയുള്ള   കാലയളവിലെ സീനിയോരിറ്റി ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കും പ്രകാരം അന്തിമമായി പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

ഒപ്പ്/-
എക്സൈസ് കമ്മീഷണർ

ഗ്രാഹകൻ:-

ബന്ധപ്പെട്ട വ്യക്തികൾക്ക്
(ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം മുഖാന്തിരം)

പകർപ്പ് :-

1) അഡീഷണൽ എക്സൈസ് കമ്മീഷണർ(എൻഫോഴ്സ്മെന്റ്)
2) വിജിലൻസ് ഓഫീസർ
3) ജോയിന്റ് എക്സൈസ് കമ്മീഷണർ, സൗത്ത് സോൺ
4) ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
5) ഐ.ടി സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6) ഉത്തരവ് ഫയൽ/കരുതൽ ഫയൽ.

അംഗീകാരത്തോടെ,

സൂപ്രണ്ട്